മായി പ്രതിവാദിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്ത് വെച്ചിട്ടുണ്ട്.

(b & c) വലേ ഹർജികളും കിട്ടീട്ടുണ്ട്. ഹർജികൾക്ക് അതാതിനു് ഉചിതമായ മറുപടികളും കൊടുത്തിട്ടുണ്ട്. കോൾനിലങ്ങളുടെ രക്ഷക്കായി വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും കോൾകൃഷിക്കാരുടെ അഭിപ്രായങ്ങൾ അറിവാനുമായി ഗവർമ്മേണ്ടിൽ നിന്നും ഒരു കമ്മറിയെ നിശ്ചയിക്കുകയും കമ്മറിയുടെ ശിപാർശികളെ പരിശോധിച്ച് ഗവർമ്മേണ്ടിൽ നിന്ന് ഉത്തരവ് കല്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവർമ്മേണ്ടുത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. കോൾനിലങ്ങളുടെ രക്ഷക്കുവേണ്ടുന്ന മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനു് ഒരു ബിൽ ഈ സഭയിൽ അടുത്തുകൊണ്ടുവരുവാൻ ആലോചനയുണ്ട്.

## The Kole Committee Report.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

94. കീഴിൽപറയുന്ന സംഗതികളെക്കുറിച്ച് ഗവർമ്മേണ്ടിനുള്ള മറുടികൾ പറയുന്നതിനു് സാദരം പ്രാർത്ഥിക്കുന്നു.—

(a) ഗവർമ്മേണ്ടിൽനിന്നു് ഒരു കോൾകമ്മറിയെ നിശ്ചയിക്കുകയും റിപ്പോർട്ടുകൾ വരുത്തുകയും ചെയ്തിട്ടുണ്ടല്ലൊ. ആ കമ്മറിയുടെ ശിപാർശികൾ എന്തെല്ലാമാണു്?

(b) ആ ശിപാർശികളെക്കുറിച്ച് ഗവർമ്മേണ്ടു് ആലോചിച്ചിട്ടുണ്ടൊ? അതിൽ വല്ലതും അംഗീകരിച്ചിട്ടുണ്ടൊ? പ്രവർത്തിക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതെന്തെല്ലാമാണു്? ഇതു കാലതാമസത്തിനുള്ള കാരണമെന്താണു?

(c) കോളുകൾ മുമ്പു് മാഴുംകാലം (പണിയുംകാലം) കരമായിരുന്നുവൊ? അതു് നിജകരമാക്കിയതിനു് വല്ല പ്രത്യേകകാരണവുമുണ്ടൊ?

(d) കോളുകൾ നിജകരം പതിച്ചുതുകൊണ്ടു് ആ കാലത്തു് ജനങ്ങൾ ആവലാതിപ്പെടുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ടുണ്ടൊ?

(e) നിജകരം പതിച്ചുതുകൊണ്ടു് എല്ലാ കോൾനിലങ്ങളും ഗുണദോഷം ചിന്തിക്കാതെ പണിയുന്നതിനു് കുടിയാന്മാർ നിർബ്ബന്ധിതരായി തീർന്നിട്ടുണ്ടൊ? ആ നിർബ്ബന്ധം കോൾകൃഷിയുടെ ആപത്തുകളെ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനും കോൾകൃഷി ക്രമേണ കൂടുതൽ നാശത്തിൽ അവസാനിക്കുന്നതിനും കാരണമായിട്ടുണ്ടൊ?

(f) പണിയുംകാലം കരം മുമ്പത്തുന്നതു് കോൾകൃഷിയുടെ സൌകര്യത്തിനും ഗുണത്തിനും രക്ഷക്കും ഗുണകരമാണെന്നു് ഗവർമ്മേണ്ടിനു് അഭിപ്രായമുണ്ടൊ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്? ഉണ്ടെങ്കിൽ അപ്രകാരം മേലിൽ പ്രവർത്തിക്കുന്നതിനു് ഗവർമ്മേണ്ടു് തയ്യാറുണ്ടൊ?

റാവുസാഹിബ്ബു് ടി. വി. കസ്തൂരിരങ്കയ്യർ.

(a) ഉവ്വു്. കമ്മാറിയുടെ ശിപാർശികൾ കമ്മറിയുടെ റിപ്പോർട്ടിൽ ഉണ്ടു്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു് വെച്ചിരിക്കുന്നു.

(b) 93-ാം ചോദ്യത്തിന്റെ മറുടി നോക്കുക.

(c), (d), (e), (f). ഈ ചോദ്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കോൾകമ്മറിയുടെ റിപ്പോർട്ടിലും അതിന്മേലുള്ള ഗവർമ്മേണ്ടുത്തരവിലുമുണ്ടു്.

## Flood Relief in Antikkad Firkah.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

95. മുവടെ ചേർക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ഗവർമ്മേണ്ടിനോടു് സവിനയം അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(a) 1099-1100-ലെ അതിവർഷത്തിൽ അന്തിക്കാട് ഫക്കയിലെ എത്ര ഏക്കർ കൃഷി നാശപ്പെട്ടുപോയി?

(b) ടി ഫക്കയിൽ എത്ര വീടുകൾ നശിച്ചുപോയി?

(c) സഹായത്തിന് എത്ര അപേക്ഷകൾ കിട്ടി?

(d) ടി ഫക്കയിൽ എല്ലാം കൂടി എത്ര സംഖ്യ സഹായധനം എന്നത്തിൽ ചിലവുചെയ്തു?

(e) എത്ര സംഖ്യ നികുതിയിൽ കുറവുചെയ്തു?

(f) കുറവുചെയ്ത സംഖ്യ എന്നത്തേക്കുമായി കുറവുചെയ്തുവോ? ആ സംഖ്യ പിന്നീട് വസൂലാക്കിയോ? വസൂലാക്കിയെങ്കിൽ ആ കുടുതൽസംഖ്യ കൂടി വസൂലാക്കുന്നതിനുള്ള വിധം വിൻകാലങ്ങളിലെ വിളവുകൾ ഗണപ്പെട്ടവയായിരുന്നുവോ?

(g) ടി ഫക്കയിൽനിന്നു കൃഷി ആവശ്യത്തിനായി എത്ര ആളുകൾ എത്ര സംഖ്യ കടമായി ഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്? എത്ര സംഖ്യ അനുവദിച്ചിട്ടുണ്ട്? അപ്രകാരം അനുവദിക്കപ്പെട്ട സംഖ്യകൾ ഏതെല്ലാം വിധത്തിലാണ് ഉപയോഗപ്പെടുത്തിട്ടുള്ളതെന്നു ഗവർമ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

റാവുസാഹിബ് ടി. വി. കുട്ടികൃഷ്ണയ്യർ.

(a) 2,189·09 ഏക്കർ ഭൂമികളിലെ കൃഷിക്കു ദോഷം പറ്റിയതായി അറിവുണ്ട്.

(b) 2,128.

(c) 811.

(d) ക. 2,196—0—0.

(e) ക. 6,773—2—4.

(f) എന്നത്തേക്കുമായി കുറവുചെയ്തുകൊടുത്തിട്ടില്ല. വെള്ളപ്പൊക്കം ബാധിച്ച മിക്ക വലിപ്പമുള്ള ഭൂമികളിലും മുണ്ടകൻ, പുഞ്ച, ഇവ കൃഷി ചെയ്യുകയും വിളവു കൊയ്കയും ചെയ്തിട്ടുണ്ട്. ഈ ഭൂമികൾക്കു കുറവുചെയ്ത സംഖ്യയിൽ നിന്നും ഒരു ഭാഗം പിരിക്കയുണ്ടായി. ഇതു ക. 3,587—9—1 ആണ്.

(g) 56 അപേക്ഷകൾ കിട്ടി. 4,300 ക. സഹായധനമായി കൊടുത്തു. കൊടുത്ത സംഖ്യ ക്രമമായി ചിലവുചെയ്യുന്നുണ്ടോ എന്നു നോക്കുവാനായി താസിൽദാരേയും, റവന്യു ഇൻസ്പെക്ടരേയും വില്ലേജുദ്യോഗസ്ഥന്മാരേയും ചുമതലപ്പെടുത്തിട്ടുണ്ട്. വായ്പസംഖ്യകൾ ഉദ്ദേശിച്ച കാര്യങ്ങൾക്കല്ലാതെ ഉപയോഗിച്ചതായി അറിവായിട്ടില്ല.

## Irrigation of Kole Areas.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

96. താഴെ പറയുന്ന സംഗതികൾക്കുള്ള സമാധാനങ്ങൾ ഈ കൌൺസിലിനെ അറിയിക്കുന്നതിനു ഗവർമ്മെണ്ടിനോട് അപേക്ഷിക്കുന്നു.

(a) കോൾകൃഷി വെള്ളമില്ലാതെ ഉണക്കം സംഭവിക്കുന്നതു സാധാരണയാണോ?

(b) കോൾകൃഷിയുടെ ആവശ്യത്തിനു ചാലക്കുടിപ്പുഴയിൽ നിന്നു ഒരു കൈവഴി തിരിക്കുന്ന സംഗതിയെക്കുറിച്ചു ഗവർമ്മെണ്ടിന്റെ അടുക്കൽ ഇതുവരെ ആയി എത്ര അപേക്ഷകളും നിവേദനങ്ങളും ഉണ്ടായിട്ടുണ്ട്? അതു എന്നു മുതല്ലാണ്?

(c) ആ കാര്യത്തിൽ ഗവർമ്മെണ്ട് എന്തെല്ലാം അന്വേഷണങ്ങൾ നടത്തിട്ടുണ്ട്? അതുസംബന്ധിച്ചുണ്ടായ അന്വേഷണങ്ങൾ, പരീക്ഷകൾ, കണക്കുകൾ, പ്ലാ

LIBRARY ARCHIVES Kerala Legislative Assembly